## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *88 — 05.02.2020-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഷാനിമോൾ ഉസ്മാൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ മായം ചേർന്നതും ആരോഗ്യത്തിന് ഹാനികരവുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (ബി) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ ക്ഷീരവികസന വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ജില്ലകളിലുള്ള ജില്ലാതല ഗുണനിയന്ത്രണ ആഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ മിൽക്ക് സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.<br>കൂടാതെ തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോട് കൂടിയ സ്റ്റേറ്റ് ഡയറി ലാബും കാസർഗോഡ്, കോട്ടയം ജില്ലകളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഉൽസവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.<br>തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും മിൽമ വാങ്ങുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷം |

| | | | |
|---|---|---|---|
| | | | മാത്രമാണ് സ്വീകരിക്കുന്നത്. മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള ലബോറട്ടറികൾ സജ്ജമാണ്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. കൂടാതെ പുറമെയുള്ള NABL അക്രഡിറ്റേഷനോടുകൂടിയ ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് / ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | ഏതെങ്കിലും ബ്രാന്റുകൾക്ക് 2019 ൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | 2019 ൽ പാലിന്റെ ബ്രാൻഡുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ക്ഷീരവികസന വകുപ്പിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് അധികാരമില്ലാത്തതിനാൽ ഗുണനിലവാരം കുറവുള്ള-തായോ മറ്റു പദാർത്ഥങ്ങൾ കലർത്തിയതായോ ശ്രദ്ധയിൽപ്പെട്ട മിൽക്ക് സാമ്പിളുകളുടെ വിവരം ഭക്ഷ്യ സുരക്ഷാ വകുപ്പിനെ രേഖാമൂലം അറിയിക്കുകയാണ് ചെയ്യുന്നത്. |
| (ഡി) | കാലിത്തീറ്റക്ക് അടിക്കടിയുണ്ടാകുന്ന വില വർദ്ധനവ് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് പ്രതിബന്ധ-മായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (ഡി) | കാലിത്തീറ്റയുടെ വില വർദ്ധനവ് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് തടസ്സം സൃഷ്ടിച്ചതായി കണ്ടെത്തിയിട്ടില്ല. |
| (ഇ) | എങ്കിൽ ക്ഷീരകർഷകർക്ക് കൂടുതൽ സബ്സിഡിയോടെ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂരിഭാഗം ക്ഷീരസംഘങ്ങളിലേയും കർഷകർക്ക് ക്ഷീര വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉൾപ്പെടെ ലിറ്ററിന് 4/- രൂപ വരെ കാലിത്തീറ്റ സബ്സിഡി/മിൽക്ക് ഇൻസെന്റീവ് നൽകുന്നുണ്ട്.<br>ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**